മെട്രോ വാർത്ത

19 October 2019

# മത്സ്യബന്ധന മേഖലയെ കുറിച്ചറിയാൻ വിദേശസംഘം മുനമ്പത്ത്

കൊച്ചി: ട്രോൾ വലയിൽ കുടുങ്ങിയ രണ്ട്മീറ്ററോളം വലിപ്പമുള്ള ഭീമൻ സ്രാവ്. മത്സ്യതീറ്റമില്ലുകളിലേക്ക് അയക്കുന്നതിനായി കൂട്ടിയിരിക്കുന്ന ടൺകണക്കിന് വിവിധയിനം മത്സ്യക്കൂമ്പാരങ്ങൾ. മീൻകൂട്ടങ്ങൾ ചൂണ്ടിക്കാണിച്ച് ഉച്ചത്തിൽ ലേലം വിളിക്കുന്ന തരകൻമാർ... ഇന്ത്യയിലെ മത്സ്യമേഖലയെ കുറിച്ചറിയാനായെത്തിയ വിദേശസംഘത്തിന് മുനമ്പം തുറമുഖത്തെ പുലർകാല കാഴ്ചകൾ കൗതുകമായി. ഇന്ത്യയിലെ സമുദ്രമത്സ്യമേഖലയെ കുറിച്ചും മത്സ്യകൃഷിരീതികളെ കുറിച്ചും മനസിലാക്കാൻ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) എത്തിയ വിദേശ സംഘമാണ് കടലിൽ നിന്ന് പിടിക്കുന്ന വിവിധ മത്സ്യയിനങ്ങളെയും അവയുടെ വിപണനരീതികളെകുറിച്ചുമറിയാൻ തുറമുഖത്ത് നേരിട്ടെത്തിയത്. ആഫ്രിക്കൻ-ഏഷ്യൻ മേഖലകളിൽ നിന്നുള്ള 10 രാജ്യങ്ങളിലെ ഫിഷറീസ് ഉദ്യോഗസ്ഥരെ പരിശീലിപ്പിക്കുന്നതിനായി സിഎംഎഫ്ആർഐ നടത്തുന്ന 15 ദിവസത്തെ രാജ്യാന്തര ശിൽപശാലയുടെ ഭാഗമായായിരുന്നു തുറമുഖ സന്ദർശനം. ആഫ്രിക്കൻ ഏഷ്യൻ റൂറൽ ഡവലപ്മെന്റ് ഓർഗനൈസേഷനിലെ (ആർഡോ) അംഗരാജ്യങ്ങളായ ലബനോൻ, ജോർദാൻ, മൊറോക്കോ, മലാവി, സാംബിയ, ഒമാൻ, ഇറാഖ്, മലേഷ്യ, മൗറീഷ്യസ്, ശ്രീലങ്ക എന്നീ രാജ്യങ്ങളിലെ പ്രതിനിധികളാണു സംഘത്തിലുള്ളത്.

കൊഴുവ, മത്തി തുടങ്ങിയ ചെറിയ മീനുകൾ തുടങ്ങി വലിയ മത്സ്യങ്ങളായ വറ്റ, ചൂര, പടുകൂറ്റൻ കാള സ്രാവ് വരെയുള്ള ഇനങ്ങളുടെ എണ്ണത്തിലുള്ള വൈവിധ്യമാണ് വിദേശസംഘത്തെ ആശ്ചര്യപ്പെടുത്തിയത്. മത്സ്യബന്ധനയാനങ്ങളിൽ നിന്നും ഉപഭോക്താക്കളിലേക്ക് മത്സ്യമെത്തുന്ന വിപണന ശൃംഖല, ആഭ്യന്തര വിപണിയിലേക്കുള്ള മീനുകൾ, വിദേശവിപണി ലക്ഷ്യമാക്കി കയറ്റുമതിക്കായി പോകുന്നവ എന്നിവയെകുറിച്ചുള്ള വിവരങ്ങളാണ് അവർ പ്രധാനമായും അന്വേഷിച്ചറിഞ്ഞത്. കടലിൽ നിന്നുള്ള മത്സ്യലഭ്യതയുടെ കണക്കെടുക്കുന്ന സിഎംഎഫ്ആർഐയുടെ സാംപ്ലിംഗ് രീതിയും വിദേശപ്രതിനിധികൾ നേരിട്ടു മനസ്സിലാക്കി. മത്സ്യബന്ധനരീതികൾ, പിടിക്കുന്ന മീനുകളുടെ വിവരങ്ങൾ, അവയുടെ വിപണനരീതികൾ തുടങ്ങിയ കാര്യങ്ങൾ സിഎംഎഫ്ആർഐയിലെ ഗവേഷകസംഘവും മത്സ്യത്തൊഴിലാളികളും വിദേശസംഘത്തിന് വിവരിച്ചുകൊടുത്തു.



*സിഎംഎഫ്ആർഐ നടത്തുന്ന രാജ്യാന്തര ശിൽപശാലയിൽ പങ്കെടുക്കാനെത്തിയ വിദേശ സംഘം മുനമ്പം തുറമുഖത്ത് കാളസ്രാവിനെ പരിശോധിക്കുന്നു.*

മത്സ്യബന്ധനരീതികൾ, സമുദ്രമത്സ്യ പരിപാലനം, ഉത്തരവാദിത്വ പൂർണ മത്സ്യബന്ധനം, സമുദ്രപരിസ്ഥിതി, കാലാവസ്ഥാവ്യതിയാനം, സമുദ്രമത്സ്യ കൃഷി തുടങ്ങിയ മേഖലകളിലാണ് സിഎംഎഫ്ആർഐ വിദേശപ്രതിനിധികൾക്ക് പരിശീലനം നൽകുന്നത്. വിഴിഞ്ഞം, തമിഴ്നാട്ടിലെ മണ്ഡപം എന്നിവിടങ്ങളിലുള്ള സിഎംഎഫ്ആർഐയുടെ ഗവേഷണ കേന്ദ്രങ്ങളിലും വിദേശസംഘം സന്ദർശനം നടത്തും. കേന്ദ്ര ഗ്രാമവികസന മന്ത്രാലയവും ആർഡോയും തമ്മിലുള്ള സഹകരണത്തിന്റെ ഭാഗമായാണ് ശിൽപശാല. ഇത് മൂന്നാം തവണയാണ് ആർഡോ അംഗരാജ്യങ്ങളിലെ പ്രതിനിധികൾക്ക് സിഎംഎഫ്ആർഐ പരിശീലനം നൽകുന്നത്.